പഴയങ്ങാടി സബ് ട്രഷറി നിർമ്മാണത്തിനുവേണ്ടി സ്ഥലം അനുവദിക്കാൻ നടപടി

54 [817] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പഴയങ്ങാടി സബ് ട്രഷറി നിർമ്മാണത്തിനുവേണ്ടി പഴയങ്ങാടി പോലീസ് സ്റ്റേഷന്റെ അധീനതയിലുള്ള ഒരേക്കർ 45 സെന്റ് സ്ഥലത്തിൽ നിന്നും 10 സെന്റ് സ്ഥലം അനുവദിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എം. എൽ. എ. നൽകിയ നിവേദനത്തിന്മേൽ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

ഉത്തരം

ഇക്കാര്യത്തിൽ പോലീസ് ഡയറക്ടർ ജനറലിന്റെ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

പരോൾ അനുവദിക്കുന്നതിൽ ക്രമക്കേട്

55 [818] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, എം. വി. ജയരാജൻ:
,, കെ. രാധാകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലെ തടവുകാർക്ക് പരോൾ അനുവദിക്കുന്നതിനും, ശിക്ഷാ കാലാവധി കഴിഞ്ഞ തടവുകാരെ വിട്ടയയ്ക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) തടവുകാരെ വിട്ടയയ്ക്കുന്നത് സംബന്ധിച്ച റിവ്യൂ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) ശിക്ഷാ കാലാവധി കഴിഞ്ഞ എത്ര തടവുകാർ ഇപ്പോൾ വിവിധ ജയിലുകളിൽ ഉണ്ടെന്നറിയാമോ;

(ഡി) പരോൾ അനുവദിക്കുന്നതിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ചട്ടപ്രകാരം പരോൾ ലഭിക്കാൻ അർഹതയുള്ള തടവുകാർക്ക് കാലാകാലങ്ങളിൽ പരോൾ അനുവദിക്കാറുണ്ട്. ശിക്ഷാ കാലാവധി കഴിഞ്ഞ എല്ലാ തടവുകാരെയും യഥാവസരങ്ങളിൽ വിട്ടയയ്ക്കുന്നുണ്ട്.

(ബി) ഉണ്ട്. പ്രിസൺ റിവ്യൂ കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശിക്ഷാ കാലാവധി കഴിഞ്ഞ തടവുകാർ ആരും തന്നെ ജയിലുകളിൽ ഇപ്പോൾ ഇല്ല.

(ഡി) ഉണ്ട്.

ജയിൽ മോചിതരുടെ യാത്രാബത്ത

56 [819] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജയിലുകളിലായി ഇപ്പോൾ ആകെ എത്ര തടവുകാരാണ് ഉള്ളത്; അതിൽ സ്ത്രീ തടവുകാർ എത്ര;

(ബി) ഈ തടവുകാരുടെ താമസം, ക്ഷേണം, ജോലിയുടെ കൂലി എന്നിവ മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ജയിലിൽനിന്നും വിടുതൽ ചെയ്യുന്ന തടവുകാർക്ക് യാത്രാബത്ത നൽകാൻ നിലവിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ അത് പാലിക്കപ്പെടാറുണ്ടോ?

ഉത്തരം

(എ) ഇപ്പോൾ ആകെ 6459 തടവുകാരുണ്ട്. അതിൽ 199 സ്ത്രീ തടവുകാരാണ്.

(ബി) ഉണ്ട്.

(സി) വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ പാലിക്കപ്പെടാറുമുണ്ട്.

ജയിൽ ജീവനക്കാർക്ക് ധനകാര്യ രജിസ്റ്റർ

57 [820] ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജയിലുകളിലും ക്രമക്കേടുകൾ ഉണ്ടെന്നു വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു തടയാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) അഴിമതി ഒഴിവാക്കുവാൻ ജയിൽ ജീവനക്കാരുടെ കൈവശം ഉള്ള പണത്തെപ്പറ്റി ധനകാര്യ രജിസ്റ്റർ ഉണ്ടാക്കാനുള്ള നടപടിയുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന് ലഭിച്ച പരാതികളിൽ വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. ജയിലിലെ അഴിമതികളെക്കുറിച്ചു വന്ന പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly